**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** **12-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന നയരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനസർവ്വെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടുന്നുണ്ടോ; എങ്കിൽ ഇതിനടിസ്ഥാനമായ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉൾപ്പെട്ടിട്ടുണ്ട്. 2019-20 വരിഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11521.993 ച.കി.മീ ആണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. അതായത് ദേശീയ ശരാശരിയേക്കാൾ 6.09% കൂടുതലാണ്. 2019-ൽ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ 823 ചതുരശ്ര കിലോമീറ്റർ വനമേലാപ്പ് (Forest Cover) വർദ്ധിച്ചതായി പരാമർശിച്ചിട്ടുണ്ട്. ഇത് നിയമാനുസൃതം വനമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾ മാത്രമല്ല മരങ്ങൾ നിറഞ്ഞ മറ്റ് പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. സംരക്ഷണ പ്രവർത്തനങ്ങൾ, തോട്ടങ്ങളുടെ വളർച്ച, വൃക്ഷ മേലാപ്പിന്റെ സാന്ദ്രതയിലെ വർദ്ധനവ് തുടങ്ങിയ ഘടകങ്ങളാണ് ഇതിനടിസ്ഥാനം. |
| (ബി) | വനാതിർത്തികൾ നിർണയിച്ച് ജണ്ടകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിക്കുന്നതിനായി വനസംരക്ഷണത്തിന്റെ ഭാഗമായി പ്ളാൻ ഫണ്ടിൽ നിന്നും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വനം കൈയ്യേറ്റം പൂർണ്ണമായി തടയുന്നതിന് വനഭൂമി, റവന്യൂ ഭൂമിയുമായി ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ട നിർമ്മാണം നടപ്പാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ തുടക്കത്തിൽ ഏകദേശം 21200 ഓളം ജണ്ടകൾ കൂടി നിർമ്മിക്കുവയാനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിൽ 2021-22 സാമ്പത്തികവർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി 17.12.2021 ലെ സർക്കാർ ഉത്തരവ് (കൈ)നം.29/2021/വനം പ്രകാരം നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അധീനതയിൽ ഉള്ള അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം മരത്തോട്ടങ്ങളെ ഘട്ടംഘട്ടമായി മാറ്റി തദ്ദേശീയ ഇനം വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി NABARD-RIDF Tranche-XXVI പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷത്തിൽ 12.32 കോടി രൂപയുടെ പദ്ധതി തൃശ്ശൂർ വടക്കാഞ്ചേരിയിലും 2021-22 സാമ്പത്തിക വർഷത്തിൽ 12.32 കോടി രൂപയുടെ പദ്ധതി തൃശ്ശൂർ വടക്കാഞ്ചേരിയിലും 2021-22 സാമ്പത്തിക വർഷത്തിൽ Tranche- XXVII ൽ ഉൾപ്പെടുത്തി 35.40 കോടി രൂപ തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, നെന്മാറ, നിലമ്പൂർ, കാസർഗോഡ്, കോട്ടയം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ അക്കേഷ്യ, യുക്കാലിപ്റ്റസ് തോട്ടങ്ങൾ മാറ്റി തദ്ദേശീയ ഇനം വൃക്ഷതൈകൾ വച്ച് പിടിപ്പിച്ച് സ്വാഭാവിക വനമാക്കുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനായി 2021-22 NABARD Tranche- XXVII മുഖേന പരിസ്ഥിതി പുനസ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിനു വേണ്ടി 621.78 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ